പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2592

19/12/2012-ൽ മറുപടിയ്ക്ക്

**ശബരിമല തീർത്ഥാടകർക്കുണ്ടായ ബുദ്ധിമുട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ. കെ.ടി. ജലീൽ | | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും<br>വകുപ്പു മന്ത്രി. | |
| എ) | ശബരിമല സീസൺ ആരംഭിച്ചിട്ടും അടിസ്ഥാന വികസനം ഒരുക്കുന്നതിൽ ദേവസ്വം ബോർഡ് പരാജയപ്പെട്ടതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം തീർത്ഥാടകർക്കുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | മുൻവർഷങ്ങളിൽ ഉത്സവ സീസൺ ആരംഭിക്കുന്നതിന് മുമ്പുതന്നെ വൈദ്യുതി, കുടിവെള്ളം, വൈദ്യ സഹായം, സുരക്ഷിതത്വം എന്നിവയിൽ മുൻകരുതൽ എടുത്തിട്ടുള്ളത് വിലയിരുത്തിയിരുന്നോ; | ബി) | ഈ വർഷത്തെ ശബരിമല മണ്ഡലം മകരവിളക്ക് സീസൺ ആരംഭിക്കുന്നതിനു വളരെ മുൻപുതന്നെ വിവിധ വകുപ്പു മേധാവികളുടെയും ജനപ്രതിനിധികളുടെയും യോഗങ്ങൾ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വകുപ്പു മന്ത്രിയുടെയും അദ്ധ്യക്ഷതയിലും വിളിച്ചു ചേർക്കുകയും തയ്യാറെടുപ്പുകൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| സി) | ഈ സീസണിൽ വൈദ്യുതി തകരാറുണ്ടാകില്ലായെന്ന മുഖ്യമന്ത്രിയുടെ ഉറപ്പ് പാലിക്കാൻ കഴിയാതെ വന്നതും മണിക്കൂറുകൾ തുടർച്ചയായി വൈദ്യുതി തടസ്സം ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നറിയിക്കാമോ? | സി) | ശബരിമലയിൽ സീസൺ ആരംഭിച്ച് ചില ദിവസങ്ങളിൽ ഒറ്റപ്പെട്ട വൈദ്യുതി തകരാറുകൾ ഉണ്ടായിട്ടുണ്ട്. ഇവ അപ്പപ്പോൾ തന്നെ വൈദ്യുതി ബോർഡ് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിച്ചിട്ടുള്ളതാണ്. തീർത്ഥാടന കാലത്ത് ഉടനീളം മുടക്കം കൂടാതെ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതിന് വേണ്ട നിർദ്ദേശം വൈദ്യുതി ബോർഡിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ